**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-10/965/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 02.11.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

****************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഉടുമ്പന്നൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

**നം.കെ.എസ്.എ-ഐ.ഡി.കെ-10/965/2019** **തിയതി : 02.11.2019**

**ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

******************************

ഇടുക്കി ജില്ലയിലെ **ഉടുമ്പന്നൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **04.06.2018** മുതൽ **25.09.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **7** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **5** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 26.9.2019 മുതൽ 3.9.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. വി. ജി. സജിമോൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മേരി ആൻഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുനിൽകുമാർ ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ബിന്ദു സജീവ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. പി. കെ. ഓമനക്കുട്ടൻ | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ. സുബൈർ എം. എ.<br>**(അസി. സെക്രട്ടറി അധികച്ചുമതല)** | 01.08.2018 മുതൽ 10.08.2018 വരെ |
| | ശ്രീ. ജോർജ് ജോസഫ് | 11.08.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **കൃഷി ഓഫീസർ** | ശ്രീമതി. ജെയിസിമോൾ കെ. ജെ. | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. പി. എം. ബിജുരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.)** | ഡോ. റെയ്ച്ചൽ പി. ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ<br>(ഹോമിയോ)** | ഡോ. കെ. എൻ. ആഷാമോൾ | 01.04.2018 മുതൽ 08.06.2018 വരെ |
| | ഡോ. വിനീത സാംസൺ | 09.06.2018 മുതൽ 22.10.2018 വരെ |
| | ഡോ. റാഹില പി. | 23.10.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ<br>(ആയുർവേദം)** | ഡോ. വിനീത് ആർ. | 01.04.2018 മുതൽ 18.11.2018 വരെ |
| | ഡോ. ജോസഫ് പി. മോസസ് | 19.11.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. തങ്കമണി പി. എൻ. | 01.04.2018 മുതൽ 15.07.2018 വരെ |
| | ശ്രീമതി. ജാനറ്റ് എം. സേവ്യർ | 16.07.2018 മുതൽ 31.03.2019 വരെ |
| **ഡയറി എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീ. സുധീഷ് എം. പി. | 01.04.2018 മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ. (ഉടുമ്പന്നൂർ സർക്കിൾ)** | ശ്രീ. ലെനിൻ പീറ്റർ | 01.04.2018 മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ. (തട്ടക്കുഴ സർക്കിൾ)** | ശ്രീ. റിൻസ് ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനിയർ** | ശ്രീമതി. ബുഷ്റ കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് സെക്രട്ടറി** | ശ്രീ. സുബൈർ എം. എ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡികകൾ |
|---|---|---|
| | | **ഭാഗം – 1 (പൊതുഅവലോകനം)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |

| | | |
|---|---|---|
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള നമ്പർ നൽകിയില്ല –വസ്തുനികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ലക്ഷങ്ങളുടെ വരുമാന നഷ്ടം |
| 13 | 1-13 | സഞ്ചയ സോഫ്റ്റ് വെയർ - പ്രവർത്തന വിശകലനം |
| 14 | 1-14 | രേഖകളുടെ പിൻബലമില്ലാതെ വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തി ഉള്ളടക്കം |
| 15 | 1-15 | ലൈസൻസ് ഫീസ് പുതുക്കിയ നിരക്കിൽ ഈടാക്കുന്നില്ല. |
| 16 | 1-16 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൌണ്ടുകൾ |
| 17 | 1-17 | പലിശ രഹിത അക്കൗണ്ടിൽ ലക്ഷങ്ങൾ സൂക്ഷിക്കുന്നു |
| 18 | 1-18 | ഇ-ടെണ്ടർ ഫോറ വില തിരികെ ലഭിച്ചിട്ടില്ല |
| 19 | 1-19 | വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സ്റ്റാറ്റസ് റിപ്പോർട്ട് അവലംബമാക്കുന്നില്ല |
| 20 | 1-20 | ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ |
| 21 | 1-21 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 22 | 1-22 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ – വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല |
| 23 | 1-23 | വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് |
| 24 | 1-24 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് കൈമാറിയ സബ്സിഡി തുകയുടെ രേഖകൾ ഹാജരാക്കിയില്ല |

| | | |
|---|---|---|
| 25 | 1-25 | ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് മുൻകൂർ – കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥ പാലിക്കുന്നില്ല |
| 26 | 1-26 | വിനിയോഗ വിവരം ലഭ്യമാക്കാത്തത് |
| 27 | 1-27 | ഓഡിറ്റ് ഇംപാക്ട് - കരാറുകാരന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി |
| 28 | 1-28 | ലൈഫ് പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല |
| 29 | 1-29 | ആശ്രയ പദ്ധതി - ഗുണഭോക്താക്കൾ ഉണ്ടായിട്ടും തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപമായി അവശേഷിച്ചു |
| 30 | 1-30 | പഞ്ചായത്ത് വാങ്ങിയ സ്ഥലം നിയമാനുസൃതം അധീനതയിലാക്കിയില്ല |
| 31 | 1-31 | ആസ്തി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ |
| 32 | 1-32 | കംപ്യൂട്ടർ പഠനകേന്ദ്രം നടത്തിപ്പിൽ സുതാര്യതയില്ല |
| 33 | 1-33 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലവിളംബം |
| 34 | 1-34 | വെള്ളക്കരം കുടിശ്ശിക ഒടുക്കൽ – കണക്കുകളിൽ അവ്യക്തത |
| | | **ഭാഗം 2 – (വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **– ഇല്ല -** |
| | | **ഭാഗം 3 – (ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **– ഇല്ല -** |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 35 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |

| | | |
|---|---|---|
| 36 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 39 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 40 | 4-6 | സ്ഥിര നിക്ഷേപം |
| 41 | 4-7 | ഓഡിറ്റ് റിക്കവറി |
| 42 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 43 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 44 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 46 | **അനുബന്ധം** 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17.03.2018ൽ അവതരിപ്പിക്കുകയും 24.03.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 22.01.2019ലെ 15(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രാരഭ ബാക്കി | ₹76,58,563 |
| പ്രതീക്ഷിത വരവ് | ₹18,36,09,200 |
| പ്രതീക്ഷിത ചെലവ് | ₹18,30,45,763 |
| നീക്കിബാക്കി | ₹82,22,000 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹76,08,868 |
| വരവ് | ₹9,99,12,833 |
| ആകെ | ₹10,75,21,701 |
| ചെലവ് | ₹8,51,46,575 |
| നീക്കിയിരിപ്പ് | ₹2,23,75,126 |

## 1-4 ഫണ്ട് വിനിയോഗം

| | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ് ₹ |
|---|---|---|---|---|---|
| **വികസനഫണ്ട്** – പൊതുവിഭാഗം (ACR പ്രകാരം) | 0 | 17177204 | 17177204 | 16373936 | 803268 |
| **വികസനഫണ്ട്** – എസ്.സി.പി. (ACR പ്രകാരം) | 0 | 2504000 | 2504000 | 1926977 | 577023 |
| **വികസനഫണ്ട്** – ടി.എസ്.പി. | 0 | 5693000 | 5693000 | 4971491 | 721509 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8291000 | 8291000 | 8291000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 16048000 | 16048000 | 9092831 | 6955169 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 3625000 | 3625000 | 3425926 | 199074 |
| ബി-ഫണ്ട് | 0 | 228720 | 228720 | 228720 | 0 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)** | | | | | |
| **NREGS** – തൊഴിലാളികളുടെ കൂലി | 0 | 30336158 | 30336158 | 30336158 | 0 |
| **NREGS** – ഭരണ ചെലവുകൾ | 2144 | 2187361 | 2189505 | 2183519 | 5986 |
| ഐ.സി.ഡി.എസ്. | 423478 | 649288 | 1072766 | 523478 | 549288 |
| പൈക്ക | 8396 | 252 | 8648 | 10 | 8638 |
| സാക്ഷരത | 9069 | 262 | 9331 | 0 | 9331 |
| കുടിവെള്ള പദ്ധതി | 800000 | 0 | 800000 | 0 | 800000 |
| എസ്.ബി.ഐ. ലൈഫ് | 0 | 17036 | 17036 | 0 | 17036 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 77108 | 9176766 | 9253874 | 9253874 | 0 |
| പ്രളയ ദുരിതാശ്വാസം ഗ്രാന്റ് | 0 | 250000 | 250000 | 250000 | 0 |
| ശുചിത്വ മിഷൻ | 0 | 801856 | 801856 | 0 | 801856 |
| ടോട്ടൽ സാനിറ്റേഷൻ | 0 | 1360000 | 1360000 | 160000 | 1200000 |
| എസ്.റ്റി കോർപ്പസ് ഫണ്ട് | 0 | 6026722 | 6026722 | 4213446 | 1813276 |
| കേരളോൽസവം | 0 | 20000 | 20000 | 0 | 20000 |
| ജലനിധി | 1154593 | 396800 | 1551393 | 600586 | 950807 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 0 | 307438 | 307438 | 148750 | 158688 |
| പ്രളയ ദുരിതാശ്വാസം സംഭാവന | 0 | 19046 | 19046 | 0 | 19046 |

| | | | | | |
|---|---|---|---|---|---|
| **സംയുക്ത പദ്ധതി -** ബ്ലോക്ക്പഞ്ചായത്ത് | 600000 | 2395139 | 2995139 | 1050000 | 1945139 |
| **സംയുക്ത പദ്ധതി -** ജില്ലാപഞ്ചായത്ത് | 0 | 2170062 | 2170062 | 2168750 | 1312 |
| പട്ടിക വർഗ്ഗ വികസന വകുപ്പ് | 0 | 2100000 | 2100000 | 0 | 2100000 |
| പ്ലാൻ അക്കൗണ്ട് | 1301476 | 0 | 1301476 | 819410 | 482066 |
| തനത് ഫണ്ട് - ട്രഷറി | 95996 | 17865954 | 17961950 | 10956820 | 7005130 |
| തനത് ഫണ്ട് - ബാങ്ക് + പണം | 3135254 | 96720540 | 99855794 | 97608152 | 2247642 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചിരുന്നത് | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 127236743 | 130 | 61859977 | 0 | 45 | 74.28 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1223750 | 1101750 |
| വെറ്ററിനറി സർജൻ | 5 | 5 | 9000000 | 3670000 |
| മെഡിക്കൽ ഓഫീസർ (PHC) | 4 | 4 | 2215000 | 1886764 |
| മെഡിക്കൽ ഓഫീസർ (ISM) | 2 | 2 | 750000 | 749800 |
| മെഡിക്കൽ ഓഫീസർ (Homeo) | 2 | 2 | 450000 | 450000 |

| | | | | |
|---|---|---|---|---|
| VEO | 9 | 6 | 58531289 | 16326393 |
| ICDS – സൂപ്പർവൈസർ | 7 | 7 | 5057800 | 4530655 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 1400000 | 1200000 |
| സെക്രട്ടറി | 25 | 19 | 10419162 | 8299553 |
| അസി. സെക്രട്ടറി | 11 | 11 | 3527210 | 3217320 |
| LSGD – അസി. എൻജിനിയർ | 104 | 68 | 34662532 | 20427742 |
| **ആകെ** | **175** | **130** | **127236743** | **61859977** |

അസി. എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വരവ്-ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

2. പാർട്ട് ബില്ലുകളിൽ നിന്ന് റീടെൻഷൻ തുക കുറവ് ചെയ്യുന്നില്ല.

ഉദാ. പരിയാരം-മൈലാട്ടുംപാറ റോഡ് പുനരുദ്ധാരണം.

അവശ്യം സൂക്ഷിക്കേണ്ട രേഖകൾ തയ്യാറാക്കിയും സർക്കാർ നിർദ്ദേശം പാലിച്ചും പ്രൊജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2144 | 2187361 | 2189505 | 2183519 | 5986 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30336158 | 30336158 | 30336158 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 96720 | 47 |
| കർഷക തൊഴിലാളി പെൻഷൻ | 3724800 | 1145 |
| വിധവ പെൻഷൻ | 8368100 | 2597 |
| വാർദ്ധക്യകാല പെൻഷൻ | 29275600 | 8801 |
| വികലാംഗ പെൻഷൻ | 4024300 | 1198 |
| അഗതി പെൻഷൻ | 589600 | 181 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,647/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ ആധികാരിക രേഖയായ ഭരണസമിതി മിനിട്സുകൾ കാലികമായി സകർമ സോഫ്റ്റ് വെയറിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ യോഗ തീരുമാനങ്ങളുടെ പാലനം യഥാസമയം നടക്കുന്നുവെന്ന് വിലയിരുത്തുന്നില്ല.
- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച നൽകുന്നു.

- സർക്കാർ നിഷ്കർഷിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
- നികുതി പിരിവിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതി ഡിമാന്റ് കണക്കുകൾ ഇപ്പോഴും പൂർണമായി നിർണയിക്കപ്പെട്ടിട്ടില്ല.
- സർക്കാർ ഭേദഗതി വരുത്തിയതനുസരിച്ച് പുതുക്കിയ നിരക്കിൽ ലൈസൻസുകൾ അനുവദിക്കാൻ ആരംഭിച്ചിട്ടില്ല.
- ഭരണ സുതാര്യത ഉറപ്പാക്കുന്നതിന് കാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.
- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ട് ഇടപാടുകൾക്ക് ഒന്നിലധികം ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നു.
- വാർഷിക ധനകാര്യ പത്രികയിൽ ക്രോഡീകരിച്ചിട്ടുള്ള ഋണശീർഷ കണക്കുകളിൽ അവ്യക്തതയുണ്ട്. പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച് ചെലവഴിച്ച തുകയിൽ പലതും വിനിയോഗിക്കാൻ ശേഷിക്കുന്നതായാണ് കണക്കുകളിൽ സൂചിപ്പിച്ചിരിക്കുന്നത്.
- ഫ്രണ്ട് ഓഫീസിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ ചുമതല കൈമാറ്റത്തിൽ ഗൗരവമേറിയ പാളിച്ച കാണുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റതാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.04.2014-ലെ 48544/എബി1/2013 നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ യഥാവിധി പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരൻ ചുമതലയൊഴിയുമ്പോഴും അടുത്തയാൾ ചുമതലയേൽക്കുന്ന വേളയിലും ചുമതല കൈമാറ്റം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ഡയറിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ പേര് പരാമർശിക്കുന്ന വ്യക്തിക്ക് പകരം ഓഫീസ് അറ്റന്റന്റാണ് കൗണ്ടറിന്റെ ചുമതല തുടർച്ചയായി വഹിക്കുന്നത്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.9.2019 | 01.08.2019 മുതൽ 31.08.2019 വരെ | 24.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.5.2019 | 2005-06 മുതൽ 2009-10 വരെ | 21.06.2019 |

### 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഇനത്തിലേക്ക് പൂർണ്ണമായി മാറ്റിയിട്ടില്ല.

2. ലേലം ഡി. സി. ബി. തയ്യാറാക്കിയിട്ടില്ല.

3. രേഖകളുടെ പിൻബലമില്ലാതെ വസ്തു നികുതി ഇനത്തിൽ ₹3,78,562/- കുറവ് ചെയ്തിരിക്കുന്നു.

4. ആർജിച്ച ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. തൊഴിലുറപ്പ് പദ്ധതി ചെലവുകൾ ആർ.പി.-31 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

6. സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച ₹11,18,750/- ചെലവഴിച്ചെങ്കിലും വാർഷിക പദ്ധതിയിൽ ചെലവായി കാണിക്കാതെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-12 അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള നമ്പർ നൽകിയില്ല – വസ്തുനികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ലക്ഷങ്ങളുടെ വരുമാന നഷ്ടം

ഉടുമ്പന്നൂർ ടൗണിൽ അനധികൃതമായി നിർമ്മിച്ച 80-ൽ അധികം കെട്ടിടങ്ങൾക്ക് നമ്പർ നൽകി നികുതി നിർണയം നടത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ വർഷം തോറും ലക്ഷങ്ങളുടെ വരുമാന നഷ്ടമുണ്ടാകുന്നു.

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 09.10.2018ലെ 3-ാം നമ്പർ തീരുമാനത്തിൽ 82ൽ അധികം വരുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഇനത്തിൽ എകദേശം **2 ലക്ഷം** രൂപയും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ **1 ലക്ഷ**ത്തിലധികം രൂപയും വരുമാന നഷ്ടമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2011-ന് മുമ്പ് സംസ്ഥാന പാത 43-ന്റെ (മൂവാറ്റുപുഴ – ഉടുമ്പന്നൂർ - തേനി) വികസന പ്രവർത്തനങ്ങളുടെ സമയത്ത് റോഡ് നിർമ്മാണത്തിന്റെ മറവിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളാണിവ. നാളിതുവരെ അനധികൃത കെട്ടിട നിർമ്മാണത്തിനെതിരായി ഗ്രാമപഞ്ചായത്ത് നിയമപ്രകാരമുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 (എ.എ.) വകുപ്പിൽ വ്യക്തമാക്കും പ്രകാരം പ്രത്യേക നമ്പർ നൽകുകയോ 235 (എ.ബി) വകുപ്പ് പ്രകാരം കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിനായിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിച്ചിരുന്നെങ്കിൽ ഇത്തരത്തിലുള്ള വരുമാന നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടാകുമായിരുന്നില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ (ഓഡിറ്റ് എൻക്വയറി നം. 1)നുള്ള മറുപടിയിൽ, ഈ കെട്ടിടങ്ങളെല്ലാം റോഡ് നിർമ്മാണത്തിന്റെ മറവിൽ അനധികൃതമായി നിർമ്മിച്ചവയാണെന്നും 28.09.2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 13(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു. സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്കായി ഈ വിഷയം സമർപ്പിച്ചുവെങ്കിലും അനുകൂലമായ നടപടികളൊന്നുമുണ്ടായിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് യഥാസമയം നിയമാനുസൃത നടപടികൾ സ്വീകരിക്കാതെ സർക്കാരിൽ നിന്നും അനുകൂലമായ നടപടികളുണ്ടായില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. 53 കെട്ടിടങ്ങളാണ് അനധികൃതിമായി നിർമ്മിച്ചിട്ടുള്ളതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ 80ൽ അധികം കെട്ടിടങ്ങളുണ്ട് എന്നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് ബുക്കിലെ രേഖപ്പെടുത്തലിൽ നിന്ന് മനസ്സിലാകുന്നത്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണത്തിൽ പോലും ഭരണസമിതിക്ക് കൃത്യമായ ധാരണയില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഈ കെട്ടിടങ്ങളെല്ലാം 2000ന് ശേഷം

നിർമ്മിച്ചിട്ടുള്ളവയാകയാൽ 1999 ഏപ്രിൽ 24 മുതൽ പ്രാബല്യത്തിലുള്ള കേരള മുനിസിപ്പാലിറ്റി (കെട്ടിടനിർമാണം) ചട്ടങ്ങളിലെ ചട്ടം 220 (ബി) അവയ്ക്ക് ബാധകമാണ്. പ്രസ്തുത ചട്ടപ്രകാരം ദേശീയ-സംസ്ഥാന പാതകളോട് ചേർന്ന് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് റോഡിൽനിന്ന് 3 മീറ്റർ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടം നൽകിയിരിക്കുന്ന അധികാരമുപയോഗിച്ചും 2000-ന് ശേഷം നടന്നിട്ടുള്ള ഈ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. മേൽ വിവരിച്ച വസ്തുതകളും ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയും പരിശോധിച്ചാൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നിന്നും കേവലം 500 മീറ്റർ മാത്രം അകലെയുള്ള ഈ കെട്ടിട നിർമ്മാണവും അവയുടെ തത്സ്ഥിതിയും ഗ്രാമപഞ്ചായത്തിന്റെ മൗനാനുവാദത്തോടെയാണെന്ന് സംശയിക്കേണ്ട സാഹചര്യമാണുള്ളത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം തടയുകയും നിയമാനുസൃമായ കെട്ടിട നിർമ്മാണങ്ങൾ മാത്രം അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള വരുമാന നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടാകുമായിരുന്നില്ല. ടി കെട്ടിട നിർമ്മാണങ്ങൾ നടന്ന കാലഘട്ടം മുതൽ നാളിതുവരെയുള്ള ഭരണസമിതികൾ, സെക്രട്ടറിമാർ എന്നിവർക്ക് ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമാണുള്ളത്.

നിലവിൽ പ്രസ്തുത വിഷയം സർക്കാർ പരിഗണനയിലാകയാൽ ഈ കെട്ടിട നിർമ്മാണങ്ങൾക്കെതിരെ സർക്കാർ അനുമതിയോടെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 (ഇസഡ്) വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തേണ്ടതും, 235 (എ.എ) വകുപ്പ് പ്രകാരം പ്രത്യേക നമ്പർ നൽകി വസ്തുനികുതി ഈടാക്കി തുടർ നടപടികൾ സ്വീകരിക്കുകയോ, 235(എ.ബി) വകുപ്പ് പ്രകാരം കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 സഞ്ചയ സോഫ്റ്റ് വെയർ - പ്രവർത്തന വിശകലനം.

വസ്തുനികുതി നിർണ്ണയം, ഡിമാന്റ്, കളക്ഷൻ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്നതും ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ചതുമായ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ താഴെ വ്യക്തമാക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

1. സ.ഉ.(എം.എസ്.)നം. 144/15/ത,സ്വ.ഭ.വ., തീയതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോഴും, 02.07.2013 ലെ ജി.ഒ.(എം.എസ്.) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തുനികുതി ഒഴിവാക്കുമ്പോഴും അപേക്ഷകൻ പഞ്ചായത്തിൽ വേറെ വാസഗൃഹങ്ങളുണ്ടോയെന്നും കേരളത്തിലെ മറ്റ് പഞ്ചായത്തുകൾ/നഗരസഭകൾ എന്നിവയിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനോ യാതൊരു സംവിധാനവും സഞ്ചയയിലില്ല.

2. വിമുക്ത ഭടൻമാരുടെ 2000 ച. അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ 2000ച. അടിയിൽ കൂടുതലായി വരുന്ന ഭാഗത്തിന് നികുതി ഈടാക്കുന്നതിനും സഞ്ചയയിൽ സംവിധാനമില്ല.

3. 09.07.2015ലെ ജി.ഒ.(എം.എസ്.)231/15/തസ്വഭവ. പ്രകാരം, 1975ലെ കേരള കെട്ടിട നികുതി ചട്ടത്തിലെ ചട്ടം 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങളുടെ മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ

പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തുനികുതി ഈടാക്കാൻ കഴിയൂ. ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, ഇക്കാര്യം പരിശോധിക്കുന്നതിന് സഞ്ചയ-യിൽ സൗകര്യമില്ല.

4. ഒരേ ഉടമസ്ഥന്റെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ ലഭിക്കുന്നില്ല. ഒന്നിലധികം കെട്ടിടങ്ങളുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ധാരാളമുണ്ടെങ്കിലും ഒരാളുടെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും നികുതി വിവരങ്ങൾ ഒരുമിച്ച് ലഭ്യമാകാത്തതിനാൽ ഓരോന്നിനും പ്രത്യേകം ഡിമാന്റ് നോട്ടീസ് തയ്യാറാക്കി നൽകേണ്ടി വരുന്നത് മനുഷ്യ വിഭവശേഷി നഷ്ടപ്പെടുത്താൻ ഇടയാക്കുന്നു.

5. **സാംഖ്യ-സഞ്ചയ സമന്വയം :** ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, സഞ്ചയ-യിൽ പോസ്റ്റിംഗ് വരുമെങ്കിലും, ഏതെങ്കിലും കാരണത്താൽ രസീത് ക്യാൻസൽ ചെയ്താലും, സഞ്ചയ-യിലെ പോസ്റ്റിംഗ് മാറുന്നില്ല.

6. 2019-20 മുതൽ പരമ്പരാഗത രസീതുപയോഗിച്ച് നടത്തുന്ന ക്യാമ്പ് കളക്ഷൻ, ഔട്ട് ഡോർ കളക്ഷൻ, സാംഖ്യ പ്രവർത്തന രഹിതമാകുമ്പോൾ ഓഫീസിൽ സ്വീകരിക്കുന്ന വസ്തുനികുതി എന്നിവ രസീത് ബുക്ക് കൈപ്പറ്റിയ വ്യക്തിയുടെ പേരിൽ ഒന്നായി സാംഖ്യയിൽ വരവ് വെയ്ക്കുകയും പിന്നീട് വസ്തുനികുതി സഞ്ചയ-യിൽ ഓരോ കെട്ടിട നമ്പരിനും നേരെ ഔട്ട് ഡോർ കളക്ഷൻ ഓപ്ഷൻ മുഖേന വരവ് വെയ്ക്കുകയും ചെയ്യുന്നു. സഞ്ചയ, സാംഖ്യ എന്നിവ സമന്വയിപ്പിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം വരവ് വെയ്ക്കുമ്പോൾ ആയത് സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല. അതിനാൽ തന്നെ മാനുവൽ രസീതുകൾ എൻട്രി വരുത്തുന്നയാൾക്ക് യഥേഷ്ടം തുകകൾ രേഖപ്പെടുത്തുന്നതിന് അവസരമുണ്ടാകുന്നു. ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 രേഖകളുടെ പിൻബലമില്ലാതെ വസ്തു നികുതി ഡിമാന്റിൽ കുറവ് വരുത്തി

2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഐ-18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ താഴെ പരാമർശിക്കുന്ന തുകകൾ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| **ഇനം** | **തുക ₹** |
|---|---|
| പ്രോപ്പർട്ടി ടാക്സ് ഓൺ റസിഡൻഷ്യൽ ബിൽഡിംഗ് | 15424.00 |
| പ്രോപ്പർട്ടി ടാക്സ് ഓൺ നോൺ റസിഡൻഷ്യൽ ബിൽഡിംഗ് | 363138.00 |
| **ആകെ** | **378562.00** |

വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയതിന് ആധാരമായ രേഖകൾ ഹാജരാക്കാത്തപക്ഷം കുറവ് വരുത്തിയ തുക സെക്രട്ടറി, അക്കൌണ്ടന്റ് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്.

**1-15 ലൈസൻസ് ഫീസ് പുതുക്കിയ നിരക്കിൽ ഈടാക്കുന്നില്ല**

1996ലെ കേരള പഞ്ചായത്ത് രാജ് (Dangerous And Offensive Trade License) ചട്ടങ്ങൾ എസ്.ആർ.ഒ. നം. 674/2017 /എൽ.എസ്.ജി.ഡി. തീയതി.31.10.2017 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിലൂടെ ചട്ടങ്ങളുടെ പേര്, കേരള പഞ്ചായത്ത് രാജ് (Issue of License to Factories, Trades, Entrepreneurship activities and other services) ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.

ഈ ഭേദഗതിയിൽ ഷെഡ്യൂൾ II പ്രകാരം സ്ഥാപനങ്ങളെ 5 ഗണങ്ങളായി തരം തിരിക്കുകയും ലൈസൻസ് അനുവദിക്കുന്നതിന് ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ ഫീസ് ₹500/-യായും ഉയർന്ന ഫീസ് ₹15,000/-യായും നിശ്ചയിക്കുകയും ചെയ്തു. എന്നാൽ പുതുക്കിയ നിരക്കിലുള്ള ഫീസ് ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസിയുടെ പേര് | ഈടാക്കിയ ഫീസ് |
|---|---|---|
| 1 | സ്മിതാമോൾ പെരിങ്ങാശേരി - വളം വിൽപ്പന | 400 |
| 2 | നസീമ നാസർ ഉടുമ്പന്നൂർ - പലചരക്ക് | 300 |
| 3 | സീന ബേബി, ചീനിക്കുഴി - ഗൃഹോപകരണങ്ങൾ | 300 |
| 4 | അമൽ എ.സ്, ഉടുമ്പന്നൂർ - ഫാൻസി സ്റ്റോർ | 300 |
| 5 | സുശീല പി.എസ്, ഉടുമ്പന്നൂർ - സ്റ്റേഷനറി | 300 |
| 6 | മോളി സാജു, പെരിങ്ങാശേരി | 300 |
| 7 | മാത്യു എ. പി., ആൾക്കല്ല് - പലചരക്ക് | 300 |
| 8 | പൊന്നപ്പൻ, തട്ടക്കുഴ - ഹോട്ടൽ | 300 |
| 9 | സന്തോഷ് ജോസഫ്, ഉടുമ്പന്നൂർ - സറ്റേഷനറി | 200 |
| 10 | രാജു ജോർജ്, ഉടുമ്പന്നൂർ - ഇലക്ട്രിക്കൽ | 300 |
| 11 | അജിംസ്, ഉടുമ്പന്നൂർ - ബേക്കറി | 300 |
| 12 | ബിജി റ്റി കെ, ഉടുമ്പന്നൂർ - സി.ഡി. ഷോപ്പ് | 300 |

| | | |
|---|---|---|
| 13 | ഫ്രാൻസീസ് കെ. എം. - പലചരക്ക് വ്യാപാരം | 300 |
| 14 | ആനീസ് മാത്യൂസ്, മങ്കുഴി - സ്റ്റേഷനറി | 300 |
| 15 | അയ്യപ്പൻപിള്ള, ഉടുമ്പന്നൂർ - പലചരക്ക് | 300 |
| 16 | നാസർ മുഹമ്മദ്, ഉടുമ്പന്നൂർ - ബേക്കറി | 300 |
| 17 | മിനി അജയകുമാർ, തട്ടക്കുഴ - ബേക്കറി | 300 |
| 18 | അബ്ദുൾ കരീം, ഉടുമ്പന്നൂർ | 300 |
| 19 | സജി സലിം, ഉടുമ്പന്നൂർ - ഫോട്ടോസ്റ്റാറ്റ് | 300 |
| 20 | ഷാജി, ഉടുമ്പന്നൂർ - പച്ചക്കറി വ്യാപാരം | 300 |

പുതുക്കിയ നിരക്കിലുള്ള ഫീസ് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഫീസ് ഈടാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### 1-16 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

താഴെ പരാമർശിക്കുന്ന വ്യത്യസ്ത ബാങ്ക് അക്കൌണ്ടുകളിലാണ് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം സൂക്ഷിച്ചിട്ടുള്ളത്.

| ക്രമ നം. | ബാങ്ക് | അക്കൌണ്ട് നം. | 31.3.2019ലെ നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് ബാങ്ക് –ഉടുമ്പന്നൂർ | 977 | 62732.00 |
| 2 | ഐ.ഡി.സി.ബി – ഉടുമ്പന്നൂർ ശാഖ | 120181201220001 | 6824096.00 |
| 3 | കോ-ഓപ്പറേറ്റീവ് ബാങ്ക് – ഓൺ ഫണ്ട് | പാസ്ബുക്ക് ലഭ്യമാക്കിയില്ല | 1000.00 |

തനത് ഫണ്ട് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കരുതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം.-3/2008 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ സർക്കുലറിലെ വ്യവസ്ഥയ്ക്കനുസൃതമായി തനത് ഫണ്ട് ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 പലിശ രഹിത അക്കൗണ്ടിൽ ലക്ഷങ്ങൾ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റേതായി എസ്.ബി.ഐ. ഉടുമ്പന്നൂർ ശാഖയിലുള്ള പലിശ രഹിത കറന്റ് അക്കൌണ്ടിൽ (അക്കൗണ്ട് നമ്പർ 36290916502) 31.03.2019ൽ ₹22,35,234/- അവശേഷിക്കുന്നുണ്ട്. ഇതിൽ ₹21,00,000/- താഴേമൂലക്കാട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി ഐ.റ്റി.ഡി.പി.-യിൽ നിന്നും 02.02.2017-ൽ ലഭിച്ചതാണ്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന കോർപ്പസ് ഫണ്ട് നിക്ഷേപിക്കുന്നതിനായിട്ടാണ് ഈ അക്കൗണ്ട് ആരംഭിച്ചതെങ്കിലും പിന്നീട് വസ്തു നികുതി ഓൺലൈൻ പേയ്മെന്റ് ആരംഭിച്ചപ്പോൾ ഈ തുകയും ഇതേ അക്കൗണ്ടിൽ നിക്ഷേപിച്ചു. പലിശരഹിത കറന്റ് അക്കൗണ്ടിൽ ഇപ്രകാരം ഗണ്യമായ തുക ദീർഘകാലത്തേയ്ക്ക് സൂക്ഷിക്കുന്നത് ഉചിതമല്ല. കൂടാതെ ഇവ രണ്ടും ഒരേ അക്കൗണ്ടിൽ സ്വീകരിക്കുന്നത് മാസാവസാന റിക്കൺസിലിയേഷൻ നടത്തുന്നത് സങ്കീർണ്ണമാക്കുന്നുവെന്ന് അക്കൗണ്ടന്റും വ്യക്തമാക്കിയിട്ടുണ്ട്. കോർപ്പസ് ഫണ്ട്, വസ്തുനികുതി ഓൺലൈൻ പേയ്മെന്റ് എന്നിവയ്ക്കായി ലഭിക്കുന്ന തുകകൾ വ്യത്യസ്ത അക്കൗണ്ടുകൾ തുറന്ന് സ്വീകരിക്കേണ്ടതും യഥാസമയം പലിശ ലഭിക്കുന്ന അക്കൗണ്ടുകളിലേയ്ക്ക് മാറ്റേണ്ടതുമാണ്.

### 1-18 ഇ-ടെണ്ടർ ഫോറ വില തിരികെ ലഭിച്ചിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ 10 പ്രൊജക്ടുകളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ₹58,424/- ഇടുക്കി ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ടെണ്ടർ ഫീസ് ഇനത്തിൽ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വെച്ച തുകകൾ തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും (തീരുമാന നം. 16/തീയതി 24.04.2018) അത് പ്രാവർത്തികമായിട്ടില്ല. മുൻവർഷങ്ങളിലേതുൾപ്പെടെ ജില്ലാപഞ്ചായത്തിൽ ഒടുക്കിയ ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വരവ് വിവരം യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-19 വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സ്റ്റാറ്റസ് റിപ്പോർട്ട് അവലംബമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ.(എം.എസ്.)11/2018നമ്പർ ഉത്തരവ് അടിസ്ഥാനപ്പെടുത്തിയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ആയതിനുള്ള മുന്നൊരുക്കമായി, വർക്കിംഗ് ഗ്രൂപ്പ് ക്രമത്തിൽ മൂന്ന് പഞ്ചവത്സരപദ്ധതി കാലയളവിൽ കൈവരിച്ച നേട്ടങ്ങളുൾപ്പെടുത്തി അവസ്ഥാവിശകലനം നടത്തി ഒരു സ്ററാറ്റസ് റിപ്പോർട്ട് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കേണ്ടതും അത് അവലംബമാക്കി ഭാവിയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണയിച്ച് അതിനുതകും വിധം പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. ഗണ്യമായ തുക ചെലവഴിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് അച്ചടിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പദ്ധതി ആസൂത്രണ വേളയിൽ അത് ഒരു രീതിയിലും പ്രയോജനപ്പെടുത്തിയില്ലായെന്ന് തൻവർഷം രൂപീകരിച്ച പ്രോജക്ടുകളിൽനിന്ന് വ്യക്തമാണ്. പതിവ് ശൈലിയിൽ ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾ മാത്രമാണ് തൻവർഷത്തെ പദ്ധതിയുടെ ഭാഗമായിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ലക്ഷ്യം സാർത്ഥകമാക്കുംവിധം അതിനെ അടിസ്ഥാനപ്പെടുത്തി നൂതനമോ മാതൃകാപരമോ ആയ ഒരു പ്രോജക്ട് പോലും ആസൂത്രണം ചെയ്യാൻ കഴിയാതിരുന്നത് പദ്ധതി ആസൂത്രണ പ്രക്രിയയുടെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു. കൃഷിക്ക് മുൻതൂക്കം നൽകുന്ന ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയുടെ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 5800 കർഷകരും കർഷകത്തൊഴിലാളികളും ശേഷിക്കെ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളിലൂടെ കേവലം 447 പേർക്ക് മാത്രമാണ് പദ്ധതി സഹായം എത്തിക്കാൻ കഴിഞ്ഞത് (പത്ത് ശതമാനത്തിൽ താഴെ മാത്രം). നടപ്പാക്കിയത് സ്ഥിരം പ്രോജക്ടുകളും. സമാനമായ അവസ്ഥയാണ് ഇതര വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രോജക്ടുകളിലും കാണാനായത്. പദ്ധതി മാർഗ്ഗരേഖയുടെ അന്ത:സത്ത ഉൾക്കൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി വിഷയം വർക്കിംഗ് ഗ്രൂപ്പിന്റെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ

**എ) ഭരണസമിതി**

തൻവർഷം 33 യോഗങ്ങളാണ് ചേർന്നത്. അനിവാര്യ-മേഖലാപര-പൊതു ചുമതലകളിൽപ്പെട്ട വിഷയങ്ങളിൽ ഭരണസമിതി യഥാസമയം വിലയിരുത്തലുകൾ നടത്തി തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും കാലികമായ ഇടപെടലുകൾ നടത്തുകയും ചെയ്തു. എന്നാൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ പലതും പ്രാവർത്തികമാകുന്നുണ്ടോയെന്ന് നിരീക്ഷിച്ചിട്ടില്ല. തൻമൂലം ഗൗരവമേറിയ പല വിഷയങ്ങളിലും തുടർ നടപടികൾ ഇല്ലാത്ത അവസ്ഥയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീരുമാന നം. | തീരുമാനം |
|---|---|
| 2(1)(2)/03.12.18 | സൃഷ്ടിച്ച ആസ്തികളുടെ വിവരം ക്രോഡീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കൽ |
| 13/28.09.18 | അനധികൃതമായി നിർമിച്ചിട്ടുള്ള കടമുറികൾക്ക് നമ്പറും വ്യാപാരലൈസൻസും അനുവദിക്കൽ |
| | വെള്ളക്കരമിനത്തിലെ ഭീമമായ കുടിശ്ശിക ഒഴിവാക്കൽ |

**ബി) <u>സ്റ്റാന്റിംഗ് കമ്മിറ്റികൾ</u>**

***1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി***

15 യോഗങ്ങൾ ചേർന്നു. ബജറ്റ് തയ്യാറാക്കുകയും ചെലവുകൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. നികുതി പിരിവ് പുരോഗതി വിലയിരുത്തിയിട്ടുണ്ടെങ്കിലും 2017-ൽ ഭേദഗതി ചെയ്ത ചട്ടങ്ങൾക്കനുസൃതമായി വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കാത്തത് വീഴ്ചയായി.

***2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി***

16 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം നിർവഹണം എന്നീ പ്രക്രിയകളിൽ കാലികമായ ഇടപെടലുകൾ നടത്തി. എന്നാൽ നൂതനമായ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു.

***3) ആരോഗ്യം, വിദ്യാഭ്യാസം***

12 യോഗങ്ങൾ ചേർന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ വിഷയങ്ങളിൽ ക്രിയാത്മക ഇടപെടലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുത്തേണ്ട പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയോ

നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററുടെ സേവനം പ്രയോജനപ്പെടുത്തുകയോ ചെയ്യാത്തത് പോരായ്മയായി.

*4) ക്ഷേമകാര്യം*

14 യോഗങ്ങൾ ചേർന്നു. പെൻഷൻ അപേക്ഷ തീർപ്പാക്കൽ ആയിരുന്നു മുഖ്യ അജണ്ട. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിയിലുമേറെ കാലവിളംബമുണ്ടാകുന്നതായി കാണുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ സർക്കാർ ഇടയ്ക്കിടെ വരുത്തിയ ഭേദഗതികൾ മൂലമാണ് ഇത്തരത്തിൽ കാലതാമസമുണ്ടായതെന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൽ പങ്കാളിത്തമില്ലാത്തത് പരിശോധിക്കപ്പെടേണ്ടതാണ്.

## 1-21 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | അപാകതകൾ |
|---|---|---|
| 1. | മഴക്കാല പൂർവ്വകാല ശുചീകരണം പൾസ് പോളിയോ, പ്രതിരോധ കുത്തിവെയ്പ്പ് (91/19) ബിൽനം.9/18-19/21.11.2018 ₹69,135/- | ജീവൻ എർത്ത് മൂവേഴ്സ്, ഉടുമ്പന്നൂർ 18.06.18-ൽ സമർപ്പിച്ച ബിൽപ്രകാരം JCB, NISSAN എന്നിവയുടെ മൂന്ന് ദിവസത്തെ കൂലിയിനത്തിൽ ₹21,700/- നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ, വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ ഫയലില്ല. ആയതിനാൽ ₹21,700/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 2. | പാലിയേറ്റീവ് കെയർ & സാന്ത്വനം (93/19) ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ ട്രഷറി ചെക്ക് നം.789011400002775/ 26.03.2019 പ്രകാരം ലഭിച്ച ₹2,00,000/- | പ്രസ്തുത തുകയിൽനിന്നും 26.03.2019-ൽ ₹30,000/- പാലിയേറ്റീവ് കെയർ നഴ്സ് ശ്രീമതി. ബീന രാജന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (നം.31750576965-SBI) നൽകി. 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഹോണറേറിയം കൈപ്പറ്റിയതായി രസീതുണ്ടെങ്കിലും അതിൽ ബീന എം. കെ. എന്നാണ് എഴുതിയിരിക്കുന്നത്). കൂടാതെ, 11.03.2019-ൽ ₹31,792/- (ജനവരി മാസത്തെ ബാക്കി നിന്ന ₹1,792/- ഉൾപ്പെടെ) ബീന രാജന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് നൽകി. ഈ തുകയും 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഹോണറേറിയം എന്നയിനത്തിൽ കൈപ്പറ്റിയതായി രസീതുണ്ട്. ഇങ്ങനെ 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 2 പ്രാവശ്യം തുക നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല. ആയതിനാൽ ₹30,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. |

അപാകതകൾ സംബന്ധിച്ച് 01.10.2019ൽ ഓഡിറ്റ് എൻക്വയറി (നം.4) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹51,700/- (21700+30000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-22 മരുന്നു വാങ്ങൽ പ്രോജക്ടുകൾ - വിതരണ ഏജൻസികൾ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ അവ പൂർണമായി വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) എസ്.057/19 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഹോംകോ ആലപ്പുഴ | 450000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ, കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 07.01.2019-ൽ ട്രാൻസ്ഫർ ചെയ്തു. | - | 450000 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) എസ്.036/19 ആയുർവേദ ആശുപത്രിക്ക് മരുന്ന് | ഔഷധി തൃശ്ശൂർ | 700000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്ക് കുട്ടനല്ലൂർ ശാഖയിലുള്ള 5913005900000015 നമ്പർ അക്കൗണ്ടിലേക്ക് 18.03.17-ൽ ട്രാൻസ്ഫർ ചെയ്തു. | 645007 | 54993 |
| ആകെ | | | | | 504993 |

ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-23 വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

2018-19ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം (ബി-4 ഷെഡ്യൂളിൽ) വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇനം | നീക്കിയിരിപ്പ് തുക ₹ |
|---|---|---|
| 1. | ഐ.സി.ഡി.എസ്. | 549288 |
| 2. | കുടിവെള്ള പദ്ധതി | 800000 |
| 3. | ശുചിത്വ മിഷൻ | 801856 |
| 4. | സമ്പൂർണ്ണ ശുചിത്വം | 1200000 |
| 5. | എസ്.റ്റി. കോർപ്പസ് ഫണ്ട് | 1813276 |
| 6. | ജലനിധി | 950807 |
| 7. | പട്ടികവർഗ്ഗ വികസന വകുപ്പ് | 2100000 |
| 8. | പ്ലാൻ അക്കൗണ്ട് | 482066 |

മേൽ പരാമർശിച്ച തുകകൾ യഥാവിധി ചെലവഴിക്കുകയോ അല്ലാത്തപക്ഷം അതാത് ഫണ്ടിലേയ്ക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്. തുകകൾ ചെലവഴിക്കുകയും അക്കൗണ്ടിൽ ക്രമീകരിക്കാത്തതുമാണ് എങ്കിൽ ആയത് ബന്ധപ്പെട്ട രേഖകൾസഹിതം അറിയിക്കേണ്ടതാണ്.

## 1-24 ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് കൈമാറിയ സബ്സിഡി തുകയുടെ രേഖകൾ ഹാജരാക്കിയില്ല

**ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-24ന്റെ ശരിപ്പകർപ്പ്**

**1-24) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് കൈമാറിയ സബ്സിഡി തുകയുടെ രേഖകൾ ഹാജരാക്കിയില്ല**

2018-19 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (119/19) എന്ന പദ്ധതിയുടെ മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിപ്രകാരമുള്ള ₹12,00,000/-യുടെ ചെലവ് വിവരങ്ങൾ പൂർണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

സബ്സിഡി പ്രകാരമുള്ള തുക കൈപ്പറ്റിയിട്ടുള്ള 8 ക്ഷീര സംഘങ്ങളുടെ കൈപ്പറ്റ് രസീത് ഫയലില്ല. സബ്സിഡി ഗുണഭോക്താക്കൾക്ക് വിതരണം

ചെയ്തതിന്റെ രേഖകളും അവർ തുക കൈപ്പറ്റിയതിന്റെ രേഖകളും കർഷകർ സംഘങ്ങളിൽ പാൽ അളന്നതിന്റെ രേഖകളും ഫയലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/01.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹12,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## 1-25 ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക് മുൻകൂർ - കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018-ലെ ജി.ഒ.(എം.എസ്.)22/2018 നമ്പറായി പുറപ്പെടുവിച്ചിട്ടുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 8.8 അനുസരിച്ച്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾക്ക് ആവശ്യമായ തുക ഇനം തിരിച്ച് കണക്കാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യം പരിഗണിച്ച് സെക്രട്ടറി തുക അനുവദിക്കേണ്ടതുമാണ്. ഇത്തരത്തിൽ അനുവദിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതും വൗച്ചറുകൾ സ്ഥാപന മേധാവികൾ സൂക്ഷിക്കേണ്ടതുമാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 99 അനുസരിച്ച്, പ്രത്യേക സാഹചര്യം മുൻനിർത്തി അനുവദിക്കപ്പെടുന്ന മുൻകൂറുകൾ അടിയന്തിരമായി വിനിയോഗിച്ച് സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത വ്യവസ്ഥ പിൻപറ്റി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 04.10.2011-ലെ ജി.ഒ(പി)419/2011 നമ്പർ ഉത്തരവ് പ്രകാരം മുൻകൂർ ക്രമീകരണ കാലാവധി മൂന്ന് മാസമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ തുക കൈപ്പറ്റുന്ന ഘടക സ്ഥാപനമേധാവികൾ യഥാസമയം അത് വിനിയോഗിച്ച് സാക്ഷ്യപത്രം ഹാജരാക്കുന്നില്ല. മുൻകൂർ ക്രമീകരണത്തിൽ കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥയും സർക്കാർ ഉത്തരവും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വിനിയോഗ വിവരം ലഭ്യമാക്കാത്തത്

2018-19 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

**1. അംഗൻവാടി വൈദ്യുതീകരണം (എസ്.185/19)**

പറമ്പുകാട്ട്മല അംഗൻവാടി വൈദ്യുതീകരണം എന്ന പ്രോജക്ടിനുവേണ്ടി ബിൽ നം.41/18-19/23.02.2019 പ്രകാരം ₹43,046/- ആലക്കോട് ഇലക്ട്രിക്കൽ സെക്ഷനിൽ നിക്ഷേപിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

**2. പി.എം.എ.വൈ. അധിക വിഹിതം നൽകൽ (എസ്.009/19)**

പി.എം.എ.വൈ. അധിക വിഹിതമിനത്തിൽ ബിൽ നം.4/18-19/14.05.18 പ്രകാരം ₹2,00,000/-, ബിൽ നം.34/18-19 /13.02.19 പ്രകാരം ₹48,000/- (ആകെ ₹2,48,000/-) ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന് നൽകിയെങ്കിലും തുക ചെലവഴിച്ചതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തിനാൽ നിർവഹണ ഏജൻസികൾക്ക് കൈമാറിയ ₹2,91,046/- (248000 + 43046) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-27 ഓഡിറ്റ് ഇംപാക്ട് - കരാറുകാരന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി

ചീനിക്കുഴി-പറയാമറ്റം റോഡ് കോൺക്രീറ്റിംഗ് (38/19) എന്ന പ്രോജക്ടിന് ശ്രീ. സുനിൽ കുമാർ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 20.7% കുറഞ്ഞ നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും 18.7% മാത്രം കുറവ് ചെയ്താണ് ഫൈനൽ ബിൽ തുക നൽകിയത് (ബിൽ നം.14/18-19(1),18-09-18). ഇതിൽ വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെത്തുടർന്ന് (നം.5), അധികമായി നൽകിയ ₹2,940/- തിരികെ ഈടാക്കി 03-10-2019-ലെ KL008051945201920M നമ്പർ ചെലാൻ പ്രകാരം സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്.

### 1-28 ലൈഫ് പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ലൈഫ് പദ്ധതിയ്ക്കായി ആകെ 135 ഗുണഭോക്താക്കളെ കുടുംബശ്രീ മുഖേന സർവെ നടത്തി തെരഞ്ഞെടുക്കുകയും അതിൽ 99 ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരാണെന്ന് കണ്ടെത്തുകയുമുണ്ടായി. TSP വിഭാഗത്തിൽ ₹10,39,400/- തൻവർഷം വകയിരുത്തിയിരുന്നെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി. ലോൺ ആയി ലഭിച്ച ₹1,04,64,340/- പൂർണമായി ചെലവഴിച്ചു. ഭവനരഹിതരായ ബാക്കി 15 പേർ നാളിതുവരെ കരാർ വെച്ച് പണി തുടങ്ങിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള ഭവനരഹിതരായ മുഴുവൻ ഗുണഭോക്താക്കൾക്കും അർഹമായ ആനുകൂല്യം നൽകി ലൈഫ് മിഷൻ നിർദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| | ജനറൽ | എസ്.സി. | എസ്.റ്റി. |
|---|---|---|---|
| തൻവർഷം വീടുപണി പൂർത്തീകരിച്ചത് ഒന്നാം ഘട്ടം | 5 | - | - |
| തൻവർഷം വീടുപണി പൂർത്തീകരിച്ചത് രണ്ടാംഘട്ടം | 53 | - | - |
| വീടുപണി തുടങ്ങാത്തവർ | 6 | 1 | 1 |
| തൻവർഷം വകയിരുത്തൽ (വികസന ഫണ്ട്) | 2853000 | 290000 | 1039400 |
| തൻവർഷ ചെലവ് | 2853000 | 40000 | - |

### 1-29 ആശ്രയ പദ്ധതി - ഗുണഭോക്താക്കൾ ഉണ്ടായിട്ടും തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപമായി അവശേഷിച്ചു

ആശ്രയ പദ്ധതിയ്ക്കായി ആകെ 187 ഗുണഭോക്താക്കളുള്ളതിൽ 140 പേർ ജനറൽ വിഭാഗത്തിലും 47 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുമാണ്. കുടുംബശ്രീ മിഷനിൽ നിന്ന് ലഭിക്കുന്ന ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഇവരുടെ ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ ചെലവുകൾ നിർവഹിക്കപ്പെടുന്നു. ഗുണഭോക്താക്കളിൽ 29 പേർ സ്ഥലം ആവശ്യമുള്ളവരും 59 പേർ വീട് ആവശ്യമുള്ളവരും 78 പേർ വീട് അറ്റകുറ്റപ്പണി ആവശ്യമായവരുമാണ്. അഗതി ആശ്രയ-യ്ക്കായി എസ്.സി.ബി, ഉടുമ്പന്നൂർ ശാഖയിൽ നിലനിന്നിരുന്ന അക്കൗണ്ടിലെ തുക പൂർണ്ണമായും അഗതി രഹിത കേരളം എന്ന പദ്ധതിയ്ക്കായി കേരള ഗ്രാമീൺ ബാങ്കിൽ പുതുതായി ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം.40356101051852) നിക്ഷേപിച്ചിട്ടുണ്ട്. സി.ഡി.എസ്. അക്കൗണ്ടന്റ് അറിയിച്ചതനുസരിച്ച് ടി അക്കൗണ്ടിൽ നിലവിൽ ജനറൽ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള ₹5,85,000/-യും എസ്.റ്റി ഫണ്ട് ഇനത്തിൽ ₹5,01,737/-യും ചലഞ്ച് ഫണ്ട് ഇനത്തിൽ ₹6,34,546/-യും മറ്റ് വരവ്/പലിശ എന്നീ ഇനങ്ങളിൽ ₹6,65,707/-യും 2018-19ൽ പദ്ധതി പ്രകാരം ലഭിച്ച ₹3,00,000/- ഉൾപ്പെടെ ആകെ ₹26,86,990/- ചെലവഴിക്കാതെ അവശേഷിച്ചിട്ടുണ്ട്. ആശ്രയ പോലെ അനിവാര്യ പദ്ധതികൾക്കായി ലഭ്യമാകുന്ന തുകകൾ ആവശ്യമായ ഗുണഭോക്താക്കൾ ഉണ്ടായിട്ടും ചെലവഴിക്കാതെ വെറും നിക്ഷേപം മാത്രമായി തുടരുന്നതും ടി ആവശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ സമൂഹത്തിലെ ഏറ്റവും അവശതയനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് യഥാസമയം ലഭ്യമാകാതിരിക്കുന്നതും പദ്ധതി നടത്തിപ്പിലെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-30 പഞ്ചായത്ത് വാങ്ങിയ സ്ഥലം നിയമാനുസൃതം അധീനതയിലാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ട്രഷറി ചെക്ക് നം. | 46179/30.3.2019, ₹1,27,000/- |

2018-19 വർഷം നടപ്പാക്കിയ ഇടമറുക് അംഗൻവാടിക്ക് സ്ഥലം വാങ്ങൽ (157/19) പ്രോജക്ട് പ്രകാരം ശ്രീ. സുരേന്ദ്രൻ കണ്ടത്തിൻകരയിൽ എന്ന വ്യക്തിയിൽനിന്ന് ₹1,10,000/-യ്ക്ക് (ആധാര ചെലവുകൾ ഉൾപ്പടെ ₹1,27,000/-) 3 സെന്റ് സ്ഥലം വാങ്ങി ആധാരം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം പോക്ക് വരവ് ചെയ്ത് സ്വന്തം അധീനതയിലാക്കുവാനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടില്ല. നിയമാനുസൃത നടപടിക്രമങ്ങളിലൂടെ വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ അധീനതയിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-31 ആസ്തി രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച ആസ്തികളുടെ ക്രോഡീകരണം, വർഗ്ഗീകരണം, മൂല്യനിർണയം, എന്നീ പ്രക്രിയകൾ പൂർത്തീകരിച്ച് രജിസ്റ്റർ സമഗ്രമാക്കുവാൻ സമയക്രമം നിശ്ചയിച്ച് സർക്കാർ അനേകം ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും കർശന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത നടപടി ക്രമങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇപ്പോഴും പൂർണമായിട്ടില്ല. തന്മൂലം, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ സമഗ്രമായ ഒരു ചിത്രം ഇപ്പോഴും വ്യക്തമല്ല. ആസ്തി

രജിസ്റ്റർ കാലികമാക്കുവാൻ അസി. എൻജിനിയർക്ക് നിർദ്ദേശം നൽകുന്ന 2 തീരുമാനങ്ങൾ തൻവർഷം കൈക്കൊണ്ടുവെങ്കിലും അത് ഇതുവരെ നടപ്പായിട്ടില്ല. അതോടൊപ്പം തൻവർഷം ഒട്ടനവധി കുടുംബങ്ങൾ റോഡു നിർമാണത്തിന് സ്ഥലം വിട്ടുനൽകിയിട്ടുണ്ടെങ്കിലും അവ നിയമപ്രകാരം കൈവശപ്പെടുത്തി സ്ഥാവര ആസ്തികളുടെ ഭാഗമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ) ഭരണസമിതി തീരുമാനങ്ങൾ**

| ക്രമ നം. | തീരുമാനത്തിന്റെ നമ്പർ/തീയതി | തീരുമാനം |
|---|---|---|
| 1 | 2(1)/03.12.2018 | 65 റോഡുകളുടെ പേരു മാറ്റം, കൂട്ടിച്ചേർക്കലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ പുതുക്കി കാലികമാക്കുവാൻ അസി. എൻജിനിയറെ ചുമതലപ്പെടുത്തി |
| 2. | 2(2)/03.12.2018 | നിർമാണം പൂർത്തിയാക്കിയ 54 റോഡുകളുടെയും പാലങ്ങളുടെയും നടപ്പാതകളുടെയും കിണറുകളുടെയും കലുങ്കുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിഷ്കരിക്കുവാൻ അസി. എൻജിനിയറെ ചുമതലപ്പെടുത്തി |

**ബി) സ്ഥലം വിട്ടുനൽകിയതിന്റെ വിശദാംശങ്ങൾ**

| ക്രമ നം. | വാർഡ് നം. റോഡിന്റെ പേര് | സ്ഥലം വിട്ടുനൽകിയ വ്യക്തികളുടെ വിവരം | ആസ്തിയിൽ ഉൾപ്പെടുത്താനുള്ള ഭരണസമിതി തീരുമാനത്തിന്റെ നമ്പർ /തീയതി |
|---|---|---|---|
| 1 | 16-ാം വാർഡ് കുമ്പളാംപുഴ മത്തങ്ങാത്തോട് റോഡ് | ശ്രീ. അജിനാസ് പി.എം മുതൽ പേർ | 6/24.04.2018 |
| 2. | 14-ാം വാർഡ് പാറേക്വല ഇടമറുക് റോഡ് – കുന്നമ്മൽ പുരയിടം വരെയുള്ള ഭാഗം | ശ്രീ. സിജോൺ കോവയിൽ മുതൽ പേർ | 4/29.08.18 |
| 3 | 14-ാം വാർഡ് പാറേക്കവല- ഇടമറുക് റോഡ് മുതൽ പള്ളിപ്പുറം കോളനിയിൽ അവസാനിക്കുന്ന ഭാഗം | ശ്രീ. അനിൽകുമാർ ചാമക്കാലായിൽ മുതൽപേർ | 17/11.09.18 |
| 4 | 8-ാം വാർഡ് താന്നിക്കുന്ന് – മൂലക്കാട് അമ്പലം റോഡ് | ശ്രീ. കെ.എൻ. കുമാരൻ കുന്നത്താനിക്കൽ മുതൽപേർ | 2(1)/26.11.18 |
| 5 | 10-ാം വാർഡ് ചീനിക്കുഴി കോമ്പിക്കര റോഡ് | ശ്രീമതി.കരോളിൻ ലിറ്റോ ചേനാട്ടു കളപ്പുരയ്ക്കൽ മുതൽപേർ | 24(1)/05.01.19 |

| | | | |
|---|---|---|---|
| 6 | 3-ാം വാർഡ് പരിയാരം – നെടുമ്പാറയിൽ റോഡ് | ശ്രീമതി. നിഷാമോൾ ജോർജ് ഇഞ്ചക്കത്തൊട്ടിയിൽ മുതൽപേർ | 24(3)/05.01.19 |
| 7 | 3-ാം വാർഡ് പരിയാരം - മുത്തനാട്ട് റോഡ് | ശ്രീ. ഷിന്റോ മാത്യ പൊട്ടയ്ക്കൽ മുതൽപേർ | 24(2)/05.01.19 |
| 8 | 11-ാം വാർഡ് തോലാനിക്കുന്ന് റിംഗ് റോഡ് | ശ്രീ. ചാക്കോ നിരപ്പേൽ മുതൽപേർ | 10(1)/22.01.19 |
| 9 | 7-ാം വാർഡ് പെരിങ്ങാശ്ശേരി – മുത്തനാട്ട് റോഡ് | ശ്രീ. പ്രദീപ് എം. കെ. മുത്തനാട്ട് മുതൽപേർ | 7(1)/13.02.19 |

വിട്ടുകിട്ടിയതും സൃഷ്ടിക്കപ്പെട്ടതുമായ ആസ്തികളുടെ ക്രോഡീകരണം അടിയന്തിരമായി പൂർത്തീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണ സമിതി തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നുവെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

### 1-32 കംപ്യൂട്ടർ പഠനകേന്ദ്രം നടത്തിപ്പിൽ സുതാര്യതയില്ല

പൊതുജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 2000-ൽ സ്ഥാപിതമായതാണ് പ്രസ്തുത പരിശീലനകേന്ദ്രം. MS ഓഫീസ്, Tally, DTP എന്നീ 3 ദ്വൈമാസ കോഴ്സുകളാണ് നടത്തി വരുന്നത്. പ്രായഭേദമന്യേ എല്ലാവർക്കും പരിശീലനത്തിനുള്ള അവസരം സ്ഥാപനം ഒരുക്കുന്നു. 5 കംപ്യൂട്ടറുകളാണ് നിലവിലുള്ളത്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10മണി മുതൽ 5 മണി വരെ പരിശീലനകേന്ദ്രം പ്രവർത്തന സജ്ജമാണ്. ഒരു കോഴ്സിന് അഡ്മിഷൻ ഫീസായി ₹500/-യും പരീക്ഷാ ഫീസിനത്തിൽ ₹500/-യും വാങ്ങുന്നു. പരിശീലനം നൽകുന്നതിനായി ₹400/- ദിവസ വേതന നിരക്കിൽ ശ്രീമതി. ആൻസി ഫ്രാൻസിസ് എന്ന വ്യക്തിയെയാണ് തുടക്കംമുതൽ നിയമിച്ചിട്ടുള്ളത്. പഠനകേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ചുവടെ വിവരിക്കുന്നു.

1) പ്രവേശനം ലഭിച്ച പഠിതാക്കളുടെ യഥാർത്ഥ എണ്ണത്തിൽ അവ്യക്തതയുണ്ട്. പ്രവേശന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് അഡ്മിഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻമൂലം ഓഡിറ്റിന് ലഭ്യമാക്കിയ ഹാജർ നില യഥാർത്ഥത്തിലുള്ളതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2) 2മാസമാണ് കോഴ്സുകളുടെ ദൈർഘ്യമെങ്കിലും മറ്റ് ഫീസൊന്നും അടയ്ക്കാതെ വർഷങ്ങൾ കൊണ്ടാണ് പഠിതാക്കൾ പരിശീലനം പൂർത്തിയാക്കുന്നത്. പലരും പരീക്ഷ എഴുതാറില്ലാത്തിനാൽ ഫലത്തിൽ ₹500/- മാത്രമാണ് ആകെ ലഭിക്കുന്നത്.

3) പഠിതാക്കൾ ഒടുക്കുന്ന ഫീസ് പരിശീലക നേരിട്ട് സ്വീകരിച്ച് പിന്നീട് പഞ്ചായത്തിൽ അടയ്ക്കുന്ന രീതിയാണ് പിന്തുടരുന്നത്.

പരിശീലകയുടെ വേതനമിനത്തിൽ ₹1,03,250/-യും കംപ്യൂട്ടറുകളുടെ എ.എം.സി. ഇനത്തിൽ ₹16,230/-യും (3246 x 5) ഉൾപ്പടെ ആകെ ₹1,19,480/-യാണ് തൻവർഷം പഞ്ചായത്തിന് ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് (കറന്റ് ചാർജ്ജ് പുറമെ). എന്നാൽ ഫീസിനത്തിൽ കേവലം ₹44,500/- മാത്രമാണ് വരവുള്ളത്. തൻമൂലം പരിശീലനകേന്ദ്രത്തിന്റെ നടത്തിപ്പിനായി ₹74,980/- അധികമായി കണ്ടെത്തേണ്ട ബാധ്യതയാണ് ഓരോ വർഷവും പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്നത്. സുതാര്യമായ രീതിയിൽ രേഖകൾ സൂക്ഷിച്ചും പരിശീലന ഫീസിൽ കാലികമായ വർദ്ധനവ് വരുത്തിയും ഫീസ് ഒടുക്കലിൽ പഞ്ചായത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തിയും പരിശീലന കേന്ദ്രം പഞ്ചായത്തിന് ബാധ്യതയാകാതെ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-33 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലവിളംബം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അത് തീർപ്പ് കല്പിക്കുന്നതിലും കാലവിളംബം ഉണ്ടായിട്ടുള്ളതായി രേഖകൾ തെളിയിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 45 ദിവസം |
| 2 | വികലാംഗ പെൻഷൻ | 60ദിവസം |
| 3 | കർഷകത്തൊഴിലാളി പെൻഷൻ | 45ദിവസം |

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ 4 മുതൽ 11 മാസം വരെ കാലതാമസമുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പെൻഷൻ അപേക്ഷകളുടെ രജിസ്റ്റർ പ്രകാരം 15.12.17 മുതൽ 22-06-18 വരെ ലഭിച്ച വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ 20 എണ്ണം 01-11-18ലും 01-01-19 മുതൽ 28-02-19 വരെ ലഭിച്ച 54 അപേക്ഷകളിൽ 46 എണ്ണം 17-06-19ലും ബാക്കി 5എണ്ണം 26-08-19ലുമാണ് തീരുമാനമെടുത്തിട്ടുള്ളത്. വികലാംഗ പെൻഷൻ അപേക്ഷകളിൽ 27-11-18 മുതൽ 05-12-18 വരെ ലഭിച്ച 3 എണ്ണവും കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷകളിൽ 30–01-19ലെ നം.441, 04-02-19ലെ നം.534 എന്നീ അപേക്ഷകളും 17-06-19ലാണ് തീർപ്പാക്കിയിട്ടുള്ളത്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം 14 യോഗങ്ങൾ ചേർന്ന് അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്ന് ലഭിച്ച

റിപ്പോർട്ട് പരിശോധിച്ച് വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

### 1-34 വെള്ളക്കരം കുടിശിക ഒടുക്കൽ - കണക്കുകളിൽ അവ്യക്തത

പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ എന്ന പദ്ധതിപ്രകാരം തൻവർഷം 1111111 വികസന ഫണ്ടിന്റെ സ്രോതസിൽനിന്ന് സർക്കാർ കുറവുചെയ്ത് ജലഅതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഈ തുകയുടെ ഒടുക്കുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റി ബിൽ നം.36176/22.7.2019 പ്രകാരം ₹54,66,071/- വെള്ളക്കരം ഇനത്തിൽ കുടിശിക ഉള്ളതായി സൂചിപ്പിച്ച് ഗ്രാമപഞ്ചായത്തിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

2. ഡിമാന്റ് നോട്ടീസിൽ 150 ടാപ്പുകൾക്കാണ് തുക കണക്കാക്കിയിരിക്കുന്നത്.

3. സംയുക്ത പരിശോധനയ്ക്ക് ശേഷം വാട്ടർ അതോറിറ്റി 12.07.2019-ലെ PH.S.I.60/2016 കത്തിലൂടെ പഞ്ചായത്തിൽ 100 മാത്രമാണുള്ളതെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നതാണ്.

4. 2015 നവംബർ വരെ 45 ടാപ്പുകൾക്ക് ₹19,688/- നിരക്കിൽ ഈടാക്കിയിരുന്ന വെള്ളക്കരം 2015 ഡിസംബർ മുതൽ 150 ടാപ്പുകൾക്ക് ₹65,625/- നിരക്കിൽ തുക ഡിമാന്റ് ചെയ്തതിന്റെ കാരണം വ്യക്തമാകാത്തതിനാൽ കുടിശിക പുന:പരിശോധിക്കുന്നതിന് വാട്ടർ അതോറിറ്റിയെ സമീപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് (30-7-2019-ലെ 6-ാംനമ്പർ കമ്മറ്റി തീരുമാനം).

ജലനിധി പ്രോജക്ട് നടപ്പിലായതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൊതുടാപ്പുകൾ പ്രവർത്തിക്കുന്നില്ലായെന്ന് ഭരണസമിതി വിലയിരുത്തിയിട്ടുള്ളതിനാൽ തെറ്റായ കണക്കുകളെ അടിസ്ഥാനപ്പെടുത്തി കുടിശ്ശികയടക്കം ഡിമാന്റ് ചെയ്ത ജല അതോറിറ്റിയുടെ നടപടിക്കെതിരെ സർക്കാരിനെ സമീപിച്ച് പരിഹാരം കണ്ടെത്തേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.6.2019 മുതൽ 13.06.2019 വരെ | കെ.എസ്.എ.-ഐ.ഡി.കെ.-3/520/2019 (43)<br>തീയതി 16.08.2019 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 318750 | നെൽകൃഷിക്ക് കൂലിച്ചെലവ് | 318750 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 800000 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 800000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1051312 | ലൈഫ് പദ്ധതി | 1050000 | 1312 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 500000 | ഇടമറുക് അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 500000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 977345 | ലൈഫ് പദ്ധതി | 305206 | 672139 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 300000 | ഇടമറുക് അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | 127000 | 173000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 167794 | ജവഹർ ഭവന പദ്ധതി | 167794 | 0 |

ബ്ലോക്ക്പഞ്ചായത്തിന് 2017-18ൽ നീക്കിയിരിപ്പുണ്ടായിരുന്ന (ബി-4) ₹6,00,000/- തൻവർഷവും ചെലവഴിച്ചിട്ടില്ല. ആയത് ബി-4ൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | 185/2019 അംഗൻവാടി വൈദ്യുതീകരണം | 32/18-19 തീ.19.01.2019 | 48368.00 | 48368.00 | 0.00 |
| | | 41/18-19 തീ.23.02.2019 | 43046.00 | വ്യക്തമല്ല | ചെലവ് വിവരം വ്യക്തമല്ല |
| കെ.എസ്. ഇ.ബി. | 82/2019 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 28/18-19 തീ.31.12.2018 | 472012 | 472012 | 0.00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹1,04,64,340/- വരവുണ്ട്. ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. | ജി.ഒ.ആർ.റ്റി. 229/2010/LSGD തീയതി. 21.10.2010 | 17979000 | 2232903 | 1619903 | - | 613000 |
| ജവഹർ ഭവന പദ്ധതി | നം. 296126/ഡി. ബി-1/2018/LSGD തീ.01.02.2016 | 35320000 | 29595000 | 1644081 | 6962896 | 27950919 |
| ലൈഫ് ഭവന പദ്ധതി | - | 10464340 | 0.00 | 0.00 | 0.00 | 10464340.00 |

## 4-6 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹590/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2002-03 | 2-4 | 590 | ശ്രീ. പി. ജെ. ഏലിയാസ്, സെക്രട്ടറി | 118040100155 തീയതി. 16.04.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

– ഇല്ല –

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**– ഇല്ല –**

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 134 |
| 1 | 2014-15 | 3-1 | റ്റി. ആർ. ഷിബു വി.ഇ.ഒ. | കെ.എസ്.എ.1935/ (സ്പെ. സെൽ.) എസ്.സി.-2/സി.1 | | - | | - | - | - | 0 | 50000 | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2007/28.11.2017 | | | | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,99,12,833 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,51,46,575 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,42,746 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 51700 | ഡോ. റെയ്ച്ചൽ പി. തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-24 | 1200000 | ശ്രീ. സുധീഷ് എം. പി., ക്ഷീരവികസന ഓഫീസർ |
| 1-26 | 291046 | ശ്രീ. ജോർജ് ജോസഫ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുധീഷ് എം. പി.<br>ക്ഷീര വികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ<br>ഇളംദേശം ബ്ലോക്ക്പഞ്ചായത്ത് | മൂഴിയ്ക്കൽ<br>അരിക്കുഴ പി. ഒ., തൊടുപുഴ |
| ശ്രീ. ജോർജ് ജോസഫ്<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വിരമിച്ചു | തൊട്ടിയിൽ<br>തട്ടക്കുഴ പി. ഒ., കരിമണ്ണൂർ |
| ഡോ. റെയ്ച്ചൽ പി. തോമസ്<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | - | കൊട്ടുവേലിക്കുളത്ത്<br>വടയമ്പാടി പി. ഒ., എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ./ഐ.ഡി.കെ-10/882 /18/തീ.20.04.2018 | 1 | 22 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ-10/882 /2018/20.4.2018 | 1 | 3-3 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ-10/882 2018/20.4.2018 | 1 | 3-9 |
| 2006-2007 | എൽ.എഫ്.ഐ-8 /997/12 03.09.12/10.09.12 | 17 | 2-3(1), 2-4(3), 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11,3-12, 3-13, 3-14, 4-5, 4-6 |
| 2007-2008 | എൽ.എഫ്.ഐ-10/1122/11 09.12.11/30.03.12 | 14 | 1-1, 1-2, 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12 |
| 2008-2009 | എൽ.എഫ്.ഐ-10/985/12 01.09.12 | 16 | 2-1(1), 2-5(i, ii), 2-6, 2-7, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-5, 4-6, |

| | | | |
|---|---|---|---|
| | | | |
| 2009-2010 | എൽ.എഫ്.ഐ-10/986/12<br>04.09.12 | 16 | 2-2, 2-3(ii), 2-4, 3-2, 3-5, 3-6, 3-7,<br>3-9,3-10, 3-12, 3-13, 3-14 |
| 2010-2011<br>&<br>2011-2012 | എൽ.എഫ്.ഐ-8/1517/13<br>07.07.14/12.09.14 | 10 | 3-1, 3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8,3-9,3-10 |
| 2012-2013 | എൽ.എഫ്.ഐ-10/1456/14<br>24.02.15/07.03.15 | 7 | 2-3, 3-2, 3-3, 3-5, 3-7, 4-3, 4-4 |
| 2013-2014 | എൽ.എഫ്.ഐ-10/842/15<br>28.09.15 | 9 | 2-1, 2-2, 3-1, 3-2, 3-3, 3-4,<br>3-5, 4-3, |
| 2014-2015 | കെ.എസ്.എ./ഐ.ഡി.കെ-10/1391<br>/16/28.09.17 | 15 | 1-12, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6,<br>3-7, 3-8, 3-9, 3-11, 4-7, 4-8, 4-9 |
| 2015-2016 | കെ.എസ്.എ./ഐ.ഡി.കെ-10/1172<br>/17/02.11.17 | 20 | 2-1, 3-2, 3-3, 3-5, 3-6, 3-7,<br>3-8, 3-9, 4-7, 4-8, 4-9 |
| 2016-2017 | കെ.എസ്.എ./ഐ.ഡി.കെ-10/559<br>/17/01.08.17 | 11 | 1-7, 2-1, 2-2, 2-3, 3-1, 3-2,<br>3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,<br>3-10, 3-11, 3-12, 3-14, 4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ./ഐ.ഡി.കെ-10/938<br>/18/തീ.25.09.2018 | 16 | 1-12, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5,<br>3-6, 3-7, 3-8, 3-9, 4-2, 4-8, 4-9,<br>4-10 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

**നം.കെ.എസ്.എ-ഐ.ഡി.കെ-10/965/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
***ഇ-മെയിൽ : doidk.ksad@kerala.gov.in***
തീയതി. 02.11.2019

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും 22.05.2018ലെ(സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ **ഉടുമ്പന്നൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക, കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

**Annexure – 2**

## AUDIT CERTIFICATE

**No.KSA-IDK-10/965/19**

Office of the Senior Deputy Director of Kerala
State Audit Department

District Office, Idukki

Thodupuzha – 685 584

Phone : 04862-227332

*E-mail : doidk.ksad@kerala.gov.in*

Date. 02.11.2019

Certified that I have audited the Annual Financial Statement of **UDUBANNOOR** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, and the GO(Rt)1413/2018/LSGD/DT.22.05.2018 the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **UDUMBANNOOR** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**